കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/39/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി:27.03.2019
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/39/2018 തീയതി: 27.03.2019

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ

2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.06.2017 മുതൽ 09.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിൻ ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018മുതൽ 18.12.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമിതി.സിന്ധുലാബീവി, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.കോസലരാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലിപു ലോറൻസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.ജി.മണികണ്ഠൻ

01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ.ബി.സുരേഷ്

01.04.2017 മുതൽ 31.03.2018 വരെ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.സതീഷ് കുമാർ | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനിൽകുമാർ | 01.04.2017 മുതൽ 05.06.2017വരെ |
| | ഡോ.അശ്വതി.എസ് | 06.06.2017മുതൽ23.07.2017വരെ |
| | ഡോ.രശ്മി | 24.07.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജോയിജോൺ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മഞ്ജു | 01.04.2017മുതൽ 03.06.2017 വരെ |
| | ഡോ.റീജ | 04.06.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സരിത | 01.04.2017മുതൽ 31.03.2018 വരെ |
| എച്ച്.എം.- എൽ.പി.എസ്. പരുത്തിപ്പള്ളി | ശ്രീമിതി ബ്രിജിത് ചാക്കോ | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജ്യോതിഷ്മതി | 01.04.2017 മുതൽ 29.08.2017 വരെ |
| | ശ്രീമതി ഷഹനാസ് | 30.08.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (കോട്ടൂർ സർക്കിൾ ) | ശ്രീ.സുമേഷ് മോഹൻ | 01.04.2017മുതൽ 16.11.2017 വരെ |
| | ശ്രീ.മഹേഷ്.എസ് | 17.11.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (കുറ്റിച്ചൽ സർക്കിൾ ) | ശ്രീമതി തിങ്കൾ ജ്യോതി | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ സേവ്യർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം -നടപടി ക്രമം പാലിച്ചില്ല | 2-1 | |
| 14 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-2 | |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി – കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-3 | |
| 16 | ഡി&ഒ ലൈസൻസ് അപാകങ്ങൾ | 2-4 | |
| 17 | റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 2-5 | |
| 18 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിട്രേഷൻ എടുക്കുകയോ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല | 2-6 | |
| 19 | തൊഴിൽ നികുതി അപാകങ്ങൾ | 2-7 | |
| 20 | ഭവനനിധി രൂപീകരിച്ചിട്ടില്ല | 2-8 | |
| 21 | സേവനഉപനികുതി | 2-9 | |
| 22 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല. | 2-10 | |
| 23 | അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല | 2-11 | |
| 24 | ദുരിതാശ്വാസ നിധി കൃത്യമായി പാലിക്കുന്നില്ല | 2-12 | |
| | ഭാഗം-3 | | |
| 25 | കൃഷിവിവര പരിശീലന കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ – തുക തടസ്സപ്പെടുത്തുന്നു. 149500/- രൂപ | 3-1 | |
| 26 | നീർത്തട മാസ്റ്റർ പ്ലാൻ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-2 | |
| 27 | അംഗീകാരം ലഭിച്ചതനുസരിച്ച് പ്രോജക്ട് നടപ്പാലിക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 28 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അധിക തുക നൽകിയത് ഈടാക്കേണ്ടതാണ്. | 3-4 | |
| 29 | പ്രവൃത്തി സ്ഥലങ്ങളിൽ നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല. ചെലവ് തുക നിരാകരിക്കുന്നു | 3-5 | |
| 30 | മാതൃകാ ബി.എം.എസി -പ്രോജക്ട് നടപ്പാക്കിയിട്ടില്ല | 3-6 | |
| 31 | റോഡ് കണക്റ്റിവിറ്റി മാപ്പാ ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു | 3-7 | |
| 32 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ – ചെലവ് രേഖകൾ സൂക്ഷിക്കുന്നില്ല – തുക തടസ്സപ്പെടുത്തുന്നു | 3-8 | |
| 33 | ആവശ്യമായതിലും അധികം കമ്പി ഉപയോഗിച്ചു – നഷ്ടം 23275/- രൂപ | 3-9 | |

| | | | |
|---|---|---|---|
| 34 | വൃദ്ധർക്ക് കട്ടിൽ (എസ്.സി) അനുബന്ധരേഖയില്ലാതെ ആനുകൂല്യം അനുവദിച്ചു. 54600/- രൂപ തടസ്സം ചെയ്യുന്നു | 3-10 | |
| 35 | ജാഗ്രതാ സമിതി – വാർഡ് തല പ്രവർത്തനം ഇല്ല | 3-11 | |
| 36 | അംഗൻവാടികൾ അപര്യാപ്തമായ ഭൗതിക സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നു. | 3-12 | |
| 37 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-13 | |
| | ഭാഗം - 4 | | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 177115417/- രൂപ വരവും 96913500/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 71521589/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 68081021/- രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2017-18 | 18.06.2018 – 19.06.2018 | നം.കെ.എസ്.എ/ജി.പി.5/1515/18 തീയതി 03.07.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് : 5625518/-

വരവ് : 65896071/-

ആകെ : 71521589/-

ചെലവ് : 68081021/-

നീക്കിയിരിപ്പ് : 3440568/-

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 12743076 | 12743076 | 12743076 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി.) | 0 | 2965049 | 2965049 | 2965049 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി.) | 0 | 3209658 | 3209658 | 3209658 | 0 |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5741343 | 5741343 | 5741343 | 0 |
| 5 | പെർഫോമൻസ് ഗ്രാന്റ് | 0 | 3020804 | 3020804 | 3020804 | 0 |
| 6 | സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 2681728 | 2681728 | 2681728 | 0 |
| 7 | സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 16162527 | 16162527 | 16162527 | 0 |
| 8 | എം.ജി.എൻ.ആർ. ഇ.ജി.എസ് | 58605 | 2031996 | 2090601 | 1874816 | 215785 |
| 9 | ബി ഫണ്ട് | 0 | 585240 | 585240 | 585240 | 0 |
| 10 | എസ്.എസ്.എ (യൂണിയൻബാങ്ക്) | 123056 | 4766 | 127822 | 0 | 127822 |
| 11 | എം.എൻ.എച്ച് (യൂണിയൻബാങ്ക്) | 41016 | 1589 | 42605 | 0 | 42605 |
| 12 | ലിറ്ററസി (എസ്.സി.ബി) | 3080 | 62 | 3142 | 0 | 3142 |
| 13 | ഡിസ്ട്രസ് റിലീഫ് ഫണ്ട് | 583 | 31 | 614 | 0 | 614 |

| | | | | | | |
|---|---|---|---|---|---|---|
| 14 | ബയോഡൈവേഴ്സിറ്റി<br>(യു.ബി.ഐ- ജോയിന്റ് അക്കൗണ്ടന്റ്) | 0 | 420000 | 420000 | 0 | 420000 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 10 | 1236675 | 9 | 704334 | 1 | 0 | 90% |
| 2 | വെറ്ററിനറി സർജൻ | 9 | 3686000 | 9 | 2159000 | 0 | 0 | 100.00% |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 3 | 1400000 | 3 | 1375018 | 0 | 0 | 100.00% |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 650000 | 1 | 650000 | 0 | 0 | 100.00% |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 200000 | 1 | 200000 | 0 | 0 | 100.00% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 3998300 | 7 | 3063919 | 0 | 1 | 87.50% |
| 7 | വി.ഇ.ഒ | 16 | 6867000 | 14 | 3551733 | 1 | 2 | 87.50% |
| 8 | സെക്രട്ടറി | 37 | 1230000 | 30 | 918243 | 1 | 6 | 81.00% |
| 9 | അസി.എഞ്ചിനിയർ | 158 | 42331781 | 107 | 26518306 | 0 | 51 | 68.00% |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 640000 | 2 | 602999 | 0 | 0 | 100.00% |
| 11 | ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. | 9 | 1230000 | 8 | 918243 | 0 | 1 | 89.00% |
| 12 | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ് | 1 | 40000 | 1 | 38900 | 0 | 0 | 100.00% |
| | ആകെ | 255 | 71294828 | 192 | 47277162 | 2 | 61 | **75%** |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 58605 | 2031996 | 2090601 | 1874816 | 215785 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 38245000 | 38245000 | 38245000 | 0 |
| ആകെ | 58605 | 40276996 | 40335601 | 40119816 | 215785 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 135240 | 232 |
| കർഷക തൊഴിലാളി പെൻഷൻ | 2300900 | 797 |
| വിധവാപെൻഷൻ | 10765100 | 3616 |
| വാർദ്ധക്യകാല പെൻഷൻ | 20343500 | 6259 |
| വികലാംഗ പെൻഷൻ | 3265500 | 1088 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 15 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 298500 | 97 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37067/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ച് ചേർത്തിട്ടുണ്ട്. പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണ സമിതിക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. റെക്കോർഡ് റൂം ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമല്ല. പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നീ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിച്ചിട്ടില്ല. മിനിട്സിലെ രേഖപ്പെടുത്തലുകൾ സകർമ്മ സോഫ്റ്റ് വെയറിൽ കാലികമാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ

മൂല്യാധിഷ്ഠിതമാക്കി കാലികമാക്കിയിട്ടില്ല. സദ്ഭരണ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും അതിന്റെ മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

പൊതുഭരണം

1) ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവനപ്രദാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായകമാണ്.

| | |
|---|---|
| രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സേവനങ്ങൾ സെക്ഷനുകളിൽ നിന്നും ലഭിച്ച തീയതിയും സേവനം നൽകിയ തീയതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഡയറി അപൂർണ്ണമാണ് |
| ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഡ്യൂട്ടി രജിസ്റ്റർ ഹാജരാക്കിയില്ല |
| ഫോറം വിതരണ രജിസ്റ്റർ പരിപാലിക്കണം | രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. | രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ വരവിന്റെ വിശദാംശം എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല |
| ലഭിക്കുന്ന തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം.തൻപതിവേടിൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിട്ടറിംഗ് നടത്തണം | തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട്.എന്നാൽ മോണിട്ടറിംഗ് ഫലപ്രദമല്ല. |
| ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണസമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

2) വിവരാവകാശ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ അനക്ഷർ II മാതൃകയിലല്ല വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത്.

3) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ).

പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013 /പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായപൂർത്തീകരിച്ചതായിഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

4) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ,സമയപരിധി,നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ്മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഭരണസമിതി

അത്തരം പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/2018 | 31.10.2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.03.2015 മുതൽ 07.05.2015 വരെ | 2010-11 മുതൽ 2014-15 വരെ | 23.06.2015 |

## 1-12 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപാകതകൾ

1. ഡെപ്പോസിറ്റ് വർക്കിനത്തിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ള തുക ധനകാര്യപത്രികയും രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല.

| ഏജൻസി | 16-17 എ.എഫ്.എസ് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളത് (a) | രജിസ്റ്റർ പ്രകാരം 17-18 ൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക ( b) | 17-18 സാമ്പത്തിക വർഷാവസാനം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളത് (c=a+b) | 17-18 എ.എഫ്.എസ് B-18 Schedule പ്രകാരമുള്ള തുക |
|---|---|---|---|---|
| KWA | 887278 | 1500000 | 2387278 | 2687278 |
| KSEB | 258091 | 576057 | 834148 | 1459898 |
| GWD | 90473 | 300000 | 390473 | 90473 |
| PWD | 377250 | 652750 | 1030000 | 377250 |

2. State Bank of India- Kottoor(E-payment), Distress relief fund എന്നീ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

3. B-18 Schedule-ൽ Imprest തുക(200/- രൂപ) ഉൾപ്പെടുത്തിയിട്ടില്ല.
വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് വേളയിലും പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം - നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം പൂർത്തിയാക്കേണ്ട തീയതി | ഗ്രാമപഞ്ചായത്ത് ഓഡിറ്റ് എൻക്വയറി-29 ന് നൽകിയ മറുപടി |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 16.01.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 04.02.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ക്ഷേമകാര്യം - 20.02.2017<br>വികസനം - 25.02.2017<br>ആരോഗ്യ – വിദ്യാഭ്യാസം - 22.02.2017 |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 13.03.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 31.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 29.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | ഇല്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 30.03.2017 |

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. മാത്രമല്ല ചില പദ്ധതികളിൽ ബജറ്റിൽ വകയിരുത്താതെയും തുക ചെലവഴിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | എ.എഫ്.എസ് ഹെഡ് |
|---|---|---|---|---|
| i | നീർത്തട വികസനം | 0 | 66750 | 250200101 |
| ii | കന്നുകുട്ടി പരിപാലനം | 120000 | 692000 | 250103401&250103403 |

## 2-2 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് 35/- രൂപ നിരക്കിലും 100 ച.മീറ്ററിനുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്കു 60/- രൂപനിരക്കിലും അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കാനാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ഇത് പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ' എന്ന ഉപയോഗക്രമമുള്ള 277.54 ച.മി. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 60/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ മേൽ കെട്ടിടത്തിനെ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ,ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 30/- രൂപ നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ്/കെട്ടിട നമ്പർ - 1/522 D

ഉടമസ്ഥന്റെ പേര് - നിധീഷ്, നയനാഭവൻ, കുറ്റിച്ചൽ

ഉപയോഗക്രമം - വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ

തറവിസ്തീർണ്ണം - 277.54 ച.മി (താഴത്തെനില)

ഗ്രാമപഞ്ചായത്ത് 35/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി -9713.16/- രൂപ

തറവിസ്തീർണ്ണത്തിന്റെ അിസ്ഥാനത്തിൽ 60/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന

അടിസ്ഥാനവസ്തുനികുതി- 277.54x 60 = 16652.4/- രൂപ

അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് - 6939.24/- രൂപ

തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കുകവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി(നം.1) ക്ക് ഓഡിറ്റ് നിർദ്ദേശപ്രകാരം നികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. ഈടാക്കിയതിൽ കുറവുവന്ന നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ്/കെട്ടിടം നം | മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 3/320 | ബി.എസ്.എൻ.എൽ | 238140 | 2013ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 2 | 14/114 | ഭാരതി ഇൻഫോടെൽ | 30690 | 2017ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 3 | 14/309 | ബി.എസ്.എൻ.എൽ | 70878 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |

കുടിശ്ശികവസ്തുനികുതി സമയബന്ധിതമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 2-4 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരവിനത്തിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്.ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയത് പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കുള്ളിലെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232,233, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്.

2.ഗ്രാമപ്പഞ്ചായത്തിനുള്ളിലെ മുഴുവൻ സ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിനുള്ളിൽ 1144 കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ 2017- 2018 സാമ്പത്തികവർഷം 193 സ്ഥാപനങ്ങൾ മാത്രമേ ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ളൂ. 1996-ലെ കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പാണ് അടുത്ത വർഷത്തേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ സാമ്പത്തികവർഷം ആരംഭിച്ചതിനു ശേഷമാണ് മിക്കവാറും സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് .

3.അപൂർണ്ണമായ അപേക്ഷ സമർപ്പിച്ചവർക്ക് ലൈസൻസ് അനുവദിച്ചു

അപൂർണ്ണമായ അപേക്ഷ സമർപ്പിച്ചവർക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു. വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത് എന്നിരിക്കെ ഇത് ഗൗരവമായി കാണേണ്ടതാണ്. ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അപേക്ഷക | കെട്ടിട നം. |
|---|---|---|---|
| 1 | അലിഫ് ഫ്ളവർ മിൽ | സഫീറബീവി | II/271 - B |
| 2 | ഷിഫാന ഫ്ളവർ മിൽ | നാസർ എ. | IX/967,968 |
| 3 | ഫെം ടൈം | ജമീലബീവി എ. | XIV/488 |

## 2-5 റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവരുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26 / 18.12.18 ന് 10 റേഷൻ കടകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെന്നും അവയിൽ ഒന്നുപോലും 2017 -18 സാമ്പത്തികവർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല എന്നും മറുപടി ലഭിച്ചു . റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുക്കുകയോ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ ന്കുതി ഈടാക്കുകയോ ചെയ്യുന്നില്ല

1999- ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഇതിന് വിരുദ്ധമായി ട്യൂട്ടോറിയൽ സ്ഥാപനം പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാൾക്കും എതിരെ ആയിരം രൂപ വരെയുള്ള പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറ് രൂപാ വരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളവരുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19 / 18.12.18 ന് ഒരു ട്യൂട്ടോറിയൽ സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെന്നും അതിന് 2017 -18 സാമ്പത്തികവർഷത്തിൽ രജിസ്ട്രേഷൻ ഇല്ല എന്നും മറുപടി ലഭിച്ചു. കൂടാതെ ട്യൂട്ടോറിയൽ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടും ഇല്ല.

## 2-7 തൊഴിൽനികുതി - അപാകങ്ങൾ

1.തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം പാലിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്1) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം പാലിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31/18.12.2018 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ ഒന്നു മുതൽ മൂന്ന് വരെയുള്ള നടപടിക്രമം പഞ്ചായത്ത് പാലിക്കുന്നില്ല.

നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയാണ് സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടത് ഓഫീസ് ഓർഡർ പ്രകാരം ചുമതലയേൽപ്പിച്ച സെക്ഷന്റെയും മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥന്റെയും ചുമതലയാണ്. എന്നാൽ മേൽ

പ്രസ്താവിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

i. നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ റിട്ടേൺ സമർപ്പിച്ചിട്ടില്ല

a.പോസ്റ്റ് ഓഫീസ്, കുറ്റിച്ചൽ(I,II അർദ്ധ വർഷങ്ങൾ)
b.ലൂർദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി(I,II അർദ്ധ വർഷങ്ങൾ)

c. ലൂർദ് മാതാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി (I,II അർദ്ധ വർഷങ്ങൾ)

d. മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ്, കുറ്റിച്ചൽ

ii. സമർപ്പിച്ച പത്രിക അപൂർണ്ണം

a.ലൂർദ് മാതാ കോളെജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി (I,II അർദ്ധ വർഷങ്ങൾ)
b.ലൂർദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി(I,II അർദ്ധ വർഷങ്ങൾ)

c. എൻ ആർ എച്ച് എം പിഎച്ച് സി, കുറ്റിച്ചൽ

d. ഗവ. ആയുർവേദ ആശുപത്രി

2.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.മറ്റ് അപാകങ്ങൾ

i).പഞ്ചായത്തിലെ വികസന രേഖ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ കുറ്റിച്ചൽ, കോട്ടൂർ, കാട്ടുകണ്ടം എന്നീ മൂന്ന് ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ കുറ്റിച്ചൽ സൊസൈറ്റിയിൽ നിന്നു മാത്രമേ 2017-2018 ൽ തൊഴിൽനികുതി ഈടാക്കിയിട്ടുള്ളൂ.

ii). ഗ്രാമപഞ്ചായത്തിലെ പൗരാവകാശ രേഖ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ നാല് പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും ഇവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

iii).ഗ്രാമപ്പഞ്ചായത്ത് കാര്യാലയത്തിലെ ഡ്രൈവർ രണ്ട് അർദ്ധവർഷത്തിലും തൊഴിൽനികുതി അടച്ചിട്ടില്ല.

iv).ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഒരു ക്ഷേത്രം ഉണ്ട്. ഇതിൽ മൂന്ന് ജീവനക്കാർ ഉണ്ടെന്നും അവർ തൊഴിൽനികുതി അടച്ചിട്ടില്ലെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 20/18.12.2018 ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

v).ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ശാന്തി ട്രേഡേഴ്സ് | 4 |
| 2 | ബിസ്മി ഹോളോബ്രിക്സ് | 5 |

| | | |
|---|---|---|
| 3 | കുഞ്ഞൂസ് ഗാർമെന്റ്സ് ആന്റ് ടെക്സ്റ്റൈൽ യൂണിറ്റ് | 8 |
| 4 | എസ് കെ എഞ്ചിനീയറിംഗ് വർക്ക്സ് | 4 |
| 5 | എസ് ഡി പി ഫ്യൂവൽസ് | 3 |

## 2-8 ഭവനനിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവന നിധി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-9 സേവന ഉപനികുതി ഈടാക്കിയിട്ടില്ല

ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ കുറ്റിച്ചൽ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനത്തിന് വസ്തുനികുതിയുടെ 1%ൽ കുറയാത്ത തുകയും ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 2-10 വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം 4 പ്രകാരം ലൈസൻസിനായി അതിന്റെ പ്രായം , നിറം, ഇനം, മുതലായ വിവരങ്ങൾ കാണിച്ച് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ലൈസൻസ് ഇല്ലാതെ 500 നായ്ക്കൾ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ, പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷം ഒരു വളർത്തുനായക്ക് പോലും ലൈസൻസ് നല്കിയിട്ടില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക III എ ക്രമ നമ്പർ 27 പ്രകാരം വളർത്തുനായകൾക്ക് ലൈസൻസ് കൊടുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ലൈസൻസ് പൂർണ്ണമായും എടുക്കാത്തതുമൂലം തനത് വരുമാനത്തിൽ കുറവുണ്ടാകുന്നു. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-11 അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ മൂന്ന് അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുവെങ്കിലും ഇവയ്ക്ക് ഒന്നിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ലെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 36/18.12.2018 ന് മറുപടി നല്കിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് അൺ എയ്ഡഡ് കോളേജുകൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല.

## 2-12 ദുരിതാശ്വാസ നിധി കൃത്യമായി പരിപാലിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിക്കുന്ന ദുരിതാശ്വാസ നിധി മേൽനോട്ടത്തിന് ചട്ടം 4(3)പ്രകാരം സബ്കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് അത്തരത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.കൂടാതെ ഇതുമായി ബന്ധപ്പെട്ട് ചട്ടം 5 പ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നുമില്ല. പ്രസ്തുത നിധിയിലേക്ക് 2016 – 17 ന ശേഷം തുകകൾ പിരിച്ചിട്ടുമില്ല. ദുരിതാശ്വാസ നിധി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് പരിപാലിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി വിവര പരിശീലന കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ– തുക തടസ്സപ്പെടുത്തുന്നു. 149500/- രൂപ

പ്രോജക്ട് നം. : 78/18

അടങ്കൽ തുക : 150000

ചെലവ് തുക : 149500

ഫണ്ടിനം : വികസനഫണ്ട്

നിർവ്വഹണം : കൃഷിഓഫീസർ

ബിൽ നം. : ജെ.എ 13/17-18 (Trg) തീയതി 10.01.2018 തുക : 149500

കൃഷി പരിശീലന കേന്ദ്രം കർഷകർക്ക് പുത്തൻ സാങ്കേതിക വിദ്യകൾ പകർന്ന് നൽകുന്നതിനും പരിശീലനം നൽകുന്നതിനും സാധ്യമാകും വിധം കർഷകരുടെ വിവരശേഖരണം നടത്തി ആയത് ക്രോഡീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ യഥാസമയം ലഭ്യമാക്കുന്നതിനും പരിശീലനം നൽകുവാനും പ്രായോഗികമാക്കുവാനും വിപണിയിൽ നിന്നും ഗുണമേന്മയുള്ള കാർഷിക വിഭവങ്ങൾ പരിശോധിച്ച് വാങ്ങുന്നതിനും ഉല്പന്നങ്ങൾക്ക് വിപണി ഒരുക്കുവാനും കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കാലാവസ്ഥയ്ക്ക് യോജിച്ച കൃഷിരീതികൾ സമയബന്ധിതമായി ലഭ്യമാക്കുവാനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആയതിലേയ്ക്ക് കമ്പ്യൂട്ടർ (34000/- രൂപ), എൽ.എസ്.ഡി. പ്രൊജക്ടർ (32000/-രൂപ), സ്ക്രീൻ (5000/-രൂപ), പി.എ സിസ്റ്റം (13500/-രൂപ), ഡിസ്പ്ലേ ബോർഡ്സ് (52500/- രൂപ), എൽ.ഇ.ഡി ബോർഡ് (13000/- രൂപ) എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് വച്ചിരുന്നത്. എന്നാൽ പദ്ധതിയ്ക്ക് വിരുദ്ധമായി എ.ബി എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഡെസ്ക്ടോപ്പിന് പകരം ലാപ്ടോപ്പുകളും അനുബന്ധ ഉപകരണങ്ങളും 149500/- രൂപയ്ക്ക് വാങ്ങിയിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് 13.12.2018-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 4/18 ന് പദ്ധതിയുടെ ഡാറ്റാ എൻട്രി സമയത്ത് ലാപ്ടോപ്പിന്റെ കോഡ് ലഭ്യമല്ലാതിരുന്നതിലാണ് കമ്പ്യൂട്ടർ എന്ന് ചേർത്തതെന്ന് കൃഷിഓഫീസർ മറുപടി നൽകിയിട്ടുള്ളത്.

കൃഷിവിവര പരിശീലന കേന്ദ്രത്തിന് ഡെസ്ക്ക്ടോപ്പിന് പകരം ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഇപ്രകാരം ചെലവ് ചെയ്ത 149500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

മതിയായ മറുപടി/രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 നീർത്തട മാസ്റ്റർ പ്ലാൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ദേശീയ ഗ്രാമീണ തൊഴിലുപ്പ് പദ്ധതിയുടെ നിർവ്വഹണം നീർത്തടാധിഷ്ഠിതമായി നടപ്പിലാക്കുന്നതിനായി കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇരിഞ്ച (നിലമ) വ്ലാവെട്ടി കുണ്ടറമൂഴി തോട്, കൊക്കുടി (തേരാണി തോട്), കോട്ടൂർ കുമ്പിൾ മൂട് തോട്, അമരിപ്പാലം എന്നിങ്ങനെ വിവിധങ്ങളായ തണ്ണീർത്തടങ്ങളാൽ സമ്പന്നമായ ഗ്രാമപഞ്ചായത്തിൽ തണ്ണീർത്തട രജിസ്റ്റർ തയ്യാറാക്കുന്നതിന് ഉദ്ദേശിച്ചുള്ളതായിരുന്ന കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 100000/- രൂപ അടങ്കൽ വകയിരുത്തിയ ഈ പദ്ധതി (പ്രോജക്ട് നം. 282/17-18). എന്നാൽ പദ്ധതി, ലക്ഷ്യം കൈവരിക്കാതെ സ്റ്റേഷനറി വാങ്ങലിൽ (7080/- രൂപ) മാത്രമായി ചുരുങ്ങി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം കാർഷിക മേഖലയുടെ സമഗ്ര പരിപാടികൾക്ക് രൂപം നൽകേണ്ടത്. കാർഷിക വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്താൻ വേണ്ട ഇടപടൽ നടത്തണം. [ ജി.ഒ (എം.എസ് ) 225/2012 തസ്വഭവ തീയതി 18.08.2012 ] നീർത്തട പരിപാലന പദ്ധതികളിലെ എല്ലാ ജലസേചന പരിപാടികളുടെയും മൂലധന ചെലവിന്റെ 10% എങ്കിലും ആ പ്രോജക്ടിന്റെ ഗുണം ലഭിക്കുന്ന കർഷകർ അവരുടെ കൈവശമുള്ള സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി സംഭാവന നൽകേണ്ടതാണ്. നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ജില്ലാതല സാങ്കേതിക സഹായ സമിതി, ബ്ലോക്ക് തല സാങ്കേതിക ഉപദേശക സമിതി, പഞ്ചായത്ത് തല നീർത്തട വികസന വർക്കിംഗ് ഗ്രൂപ്പ് നീർത്തട കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. [ജി.ഒ (എം,എസ്) 295/06 തസ്വഭവ, 28.04.2006] കാർഷിക മേഖലയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കുവാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 അംഗീകാരം ലഭിച്ചതിനനുസരിച്ച് പ്രോജക്ട് നടപ്പാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു .

പ്രോജക്ട് നം. 19/18 (കൃഷിഭവന് കെട്ടിട മെയിന്റനൻസ്)

അടങ്കൽ 100000/- (മെയിന്റനൻസ്(റോഡിതരം))

ചെലവ് 98620/(ബിൽ നം. 4/30.06.2017)

നിർവ്വഹണോദ്യോഗസ്ഥൻ അസി.എൻജിനീയർ

കൃഷി ഓഫീസർ കൺവീനറായി നടപ്പാക്കിയ സ്പിൽഓവർ പദ്ധതി പ്രകാരം കൃഷിഭവൻ റീ-ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രോജക്ടിന് അംഗീകാരം ലഭിച്ചിരിക്കുന്നത് നടീൽവസ്തുക്കൾ സൂക്ഷിക്കാനായി 5 m നീളത്തിലും 3 m വീതിയിലും കൃഷിഭവനോട് ചേർന്ന് ഒരു ഷെഡ് നിർമ്മിക്കാനാണ്. 25.08.2016 ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകാരം ലഭിച്ചതും ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കാനാണ്. പ്രോജക്ടിനായി ആകെ 98620/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 23940/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. കൂടാതെ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട എം.ബുക്കിന് നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല.

അംഗീകാരം ലഭിച്ചതിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. ഇക്കാര്യം മോണിറ്ററിംഗ് നടത്താൻ ചുമതലപ്പെട്ട വർക്കിംഗ്

ഗ്രൂപ്പിന്റെയോ, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.21-ന്) നൽകിയതിന് ഇലക്ട്രിക്ക് പ്രവൃത്തിക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം സാങ്കേതികാനുമതി വാങ്ങിയാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്.

അംഗീകാരം ലഭിച്ചതിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതും ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 98620/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അധികതുക നൽകിയത് ഈടാക്കേണ്ടതാണ്.

വിവിധ പ്രോജക്ടുകൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് നൽകിയതിൽ ചെലവാകാതെ ബാക്കിയുള്ള തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയ തുക | വിനിയോഗസാക്ഷ്യപത്രപ്രകാരമുള്ള ചെലവ് തുക | തിരികെ ലഭിക്കാനുള്ള തുക |
|---|---|---|---|
| കുര്യാത്തി എസ്.സി.കോളനി കുടിവെള്ള പദ്ധതി (2014-15) | 64659 | 40113 | 24546 |
| കല്ലുവെട്ടാൻകുഴി കുടിവെള്ള പദ്ധതി | 100000 | 34073 | 65927 |
| ആകെ | | | 90473 |

ചെലവഴിക്കാതെ ബാക്കിയുള്ള 90473/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 പ്രവൃത്തി സ്ഥലങ്ങളിൽ നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല- ചെലവ് തുക നിരാകരിക്കുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളിലും നെയിംബോർഡ് / ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 17.12.2018 ന് നടത്തിയ മൂന്ന് പ്രവൃത്തി സ്ഥലങ്ങളിൽ പ്രാദേശിക പരിശോധന നടത്തിയതിൽ മൂന്നിടത്തും നെയിംബോർഡ്/ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | അടങ്കൽ | ചെലവ്(ബിൽ നം./തീയതി) | എം.ബുക്ക് നം. | റിമാർക്സ് |
|---|---|---|---|---|
| പ്രോ. നം.156/18 (പകൽവീട് മെയിന്റനൻസ്)<br>കരാറുകാരന്റെ പേര്- ശ്രീ.ലാൽ.ഡി<br>Tender below -0.01% | 225000 (വി.ഫ (ജനറൽ) | 224969<br>(100/24.03.18) | 516/17-18 | എം.ബുക്ക് (item no.8) പ്രകാരം 1918/-രൂപ information board സ്ഥാപിക്കാനായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ board |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമായി. |
| പ്രോ. നം.176/18 (പന്തലച്ചി വലിയവിള സൈഡ് വാൾ)<br>കരാറുകാരന്റെ പേര്- ശ്രീ.അജിത്കുമാർ<br>Tender below -20.5% | 100000 (മെയിന്റനൻസ്(റോഡ്)) | 78897<br>(92/13.03.18) | 512/17-18 | എം.ബുക്ക് (item no.5) പ്രകാരം 1998.32രൂപ information board സ്ഥാപിക്കാനായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ board കാണാൻ കഴിഞ്ഞിട്ടില്ല. ടെന്റർ കുറവ് കഴിഞ്ഞുള്ള ചെലവ് 1589/- രൂപ |
| പ്രോ. നം.48/18 (പ്രാഥമികാരോഗ്യകേന്ദ്രം രണ്ടാം ഘട്ടം)<br>കരാറുകാരന്റെപേര്- ശ്രീ.അനിൽകുമാർ<br>Tender below -21.6% | 2225000<br>( വി.ഫ (ലോകബാങ്ക് സഹായം)) | 1470245<br>(24/23.09.17-592237,<br>40/12.01.18 -878007) | 50/16-17, 439/17-18 | എം.ബുക്ക് App-B- item no.7 പ്രകാരം information board, സ്ഥാപിക്കാനായി 1978.89 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ board സ്ഥാപിച്ചിട്ടില്ലായെന്ന്<br>ബോധ്യപ്പെട്ടിട്ടുണ്ട്. ടെന്റർ കുറവ് കഴിഞ്ഞുള്ള ചെലവ് 15519/- രൂപ |
| ഇൻഫർമേഷൻ ബോർഡിനായുള്ള ആകെ ചെലവ് 5058/- രൂപ | | | | |

ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ ചെലവ് തുക 5058/- രൂപ നിരാകരിക്കുന്നു. ആയത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 3-6 മാതൃകാ ബി.എം.സി- പ്രോജക്ട് നടപ്പാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിനെ 2017-18 ലെ മാതൃകാ ബി.എം.സി പദ്ധതിയിൽ ഉൾപ്പെടുത്തി ബി.എം.സി. പ്രവർത്തനങ്ങൾക്കായി ജൈവവൈവിദ്ധ്യബോർഡിൽ നിന്നും 4.2 ലക്ഷം രൂപ(3.1.18 ലെ 2469/A5 /2017/KSBB നം. ഉത്തരവ്) അനുവദിക്കുകയും വ്യവസ്ഥകൾക്കനുസൃതമായി വിനിയോഗിക്കാൻ അനുമതി നൽകുകയുമുണ്ടായി. ഇതിലേക്കായി പ്രദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ജൈവവൈവിദ്ധ്യ സംരക്ഷണ പദ്ധതിയുടെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കാനും, പ്രോജക്ട് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കി പദ്ധതിയുടെ തുടക്കംമുതൽ അവസാനം വരെ ഓരോ ഘട്ടത്തിന്റേയും വിശദമായ റിപ്പോർട്ട് ഫോട്ടോസഹിതം സമർപ്പിക്കാനും, അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം, ചെലവ് വിവരം എന്നിവ കൃത്യമായി

സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജൈവവൈവിദ്ധ്യ കൺസർവേഷൻ പ്രോജക്ട് നടപ്പാക്കുക, വാർഡ് തലത്തിൽ അവയർനെസ്സ് പ്രോഗ്രാം സംഘടിപ്പിക്കുക, ബയോഡൈവേഴ്സിറ്റി ക്ലബുകളുണ്ടാക്കി (അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി) അവയർനെസ്സ് നൽകുക, ഇൻഫ്രാസ്ട്രക്ച്ചർ, സ്റ്റേഷനറി, ബി.എം.സി മെമ്പർമാർക്ക് സിറ്റിംഗ് ഫീ, യാത്രാബത്ത എന്നീ ഇനങ്ങളിലായി തുക ചെലവഴിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങുകയും, ബി.എം.സി. കമ്മിറ്റി (8 അംഗങ്ങൾ) രൂപീകരിച്ച് ആകെ മൂന്ന് യോഗങ്ങൾ കൂടുകയും ചെയ്തിട്ടുണ്ട്. 9.1.2018 ലെ 12/1ാം നം. ബി.എം.സി . കമ്മിറ്റി തീരുമാനംപ്രകാരം നാടൻ നെല്ലിനം സംരക്ഷിക്കൽ, കുമ്പിൾമൂട് തോടിന്റെ പാരിസ്ഥിതിക പുനരുദ്ധാരണം, നാടൻകിഴങ്ങുവിള സംരക്ഷണം എന്നീ പ്രോജക്ടുകൾ നടപ്പാക്കാനും, ജൈവവൈവിദ്ധ്യ ബോധവത്ക്കരണം, ക്ലബ് രൂപീകരണം, ഓഫീസ്, ലൈബ്രറി സെറ്റ് ചെയ്യൽ, സിറ്റിംഗ് ഫീ, യാത്രപ്പടി എന്നിങ്ങനെ പ്രോജക്ട് രൂപീകരിച്ച് ജൈവവൈവിദ്ധ്യ ബോർഡിന് സമർപ്പിച്ച് അനുമതി വാങ്ങി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും 21.04.2018 ൽ ഒരു ബോധവത്ക്കരണക്യാമ്പ് പഞ്ചായത്ത് ഹാളിൽ വച്ച് കൂടിയതല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ഇതിലേക്കായി ലഭിച്ച തുകയിൽ നാളിതുവരെ 800/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ജൈവവൈവിദ്ധ്യബോർഡിൽ നിന്നും തുക ലഭിച്ചിട്ടും അത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താതിരുന്നത് പദ്ധതിയാസൂത്രണത്തിലെ അപാകതയായി വിലയിരുത്തുന്നു. ബോർഡിൽ നിന്ന് അനുമതി വാങ്ങി സ്പിൽ ഓവർപ്രോജക്ടായി നടപ്പാക്കേണ്ടതും അല്ലാത്തപക്ഷം ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

## 3-7 റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

29.03.2017-ലെ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്. ഇത് പ്രവൃത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവൃത്തികളിൽ ആവർത്തനം ഉണ്ടാകുന്നതിനുമുള്ള സാഹചര്യം ഉണ്ടാകുന്നതിനും പാഴ്ചെലവുണ്ടാകുന്നതിനും ഇടയാക്കുന്നു. കണക്ടിവിറ്റിയില്ലാതെ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ- ചെലവ് രേഖകൾ സൂക്ഷിക്കുന്നില്ല- തുക തടസ്സപ്പെടുത്തുന്നു

13.11.2014 ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ നം. സർക്കുലറിൽ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നിർവഹിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കുറിച്ചൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ ഇപ്രകാരമല്ല നടപ്പാക്കിയിട്ടുള്ളത്. കൺവീനറെ തെരഞ്ഞെടുക്കാൻ മാത്രമാണ് സമിതി യോഗം ചേർന്നു കാണുന്നത്. പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ചെലവ് പരിശോധിച്ച് അംഗീകരിക്കുക തുടങ്ങിയ കർത്തവ്യങ്ങളൊന്നും സമിതി നിർവ്വഹിച്ചു കാണുന്നില്ല. എല്ലാ പ്രവൃത്തി ഫയലുകളിലും ഉൾക്കൊള്ളിച്ചിട്ടുള്ള മസ്റ്റർ റോളുകൾ പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തുകയോ, വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃസമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തി ഫയലിലും ഇപ്രകാരമല്ല തുക നൽകിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | കൺവീനർ | അടങ്കൽ | പ്രോജക്ട് ചെലവ് | ഹാജരാക്കിയ വൗച്ചർ പ്രകാരമുള്ള യഥാർത്ഥ ചെലവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 24/18 (പരുത്തിപ്പള്ളി-നെട്ടുകാൽത്തേരി റോഡ് റീ-ടാറിംഗ്) | ശ്രീ.തങ്കപ്പൻ.സി | 494469 | 454909 | 353841 | 101068 |
| 28/18 (കാട്ടുകണ്ടം-കാലംപാററോഡ് രണ്ടാംഘട്ട മെറ്റലിംഗ്) | ശ്രീ.നൈനാൻ | 195623 | 177698 | 170540 | 7158 |
| 32/18 (അരികിൽ തച്ചംകോട് റോഡ് റീടാറിംഗ്) | ശ്രീ.മുഹമ്മദ് റിയാസ് | 499758 | 463971 | 285358 | 178613 |
| 37/18 (കാട്ടുകണ്ടം കരിങ്കുന്നം റോഡ് രണ്ടാംഘട്ട മെറ്റലിംഗ് ടാറിംഗ്) | ശ്രീ.നവാസ് | 365626 | 326300 | 307026 | 19274 |
| 20/18 (സാംസ്കാരിക നിലയം-കര്യാത്തി റോഡ് റീടാറിംഗ്) | ശ്രീ.ഗോപാലകൃഷ്ണപിള്ള | 302250 | 280266 | 231433 | 48833 |
| 22/18 (മാമൂട് എരുമക്കുഴി രണ്ടാംഘട്ട മെറ്റിംഗും ടാറിംഗും) | ശ്രീ.സിബി.ബി.സി | 365750 | 331571 | 253644 | 77927 |
| 192/18(പൊടിയം എം.ജി.എൽ.സി ചുറ്റുമതിൽ മെയിന്റനൻസ്) | ശ്രീ.സുദർശനൻപി.റ്റി | 300000 | 299235 | 196150 | 103085 |
| 276/18 (പ്രാഥമികാരോഗ്യകേന്ദ്രം വയറിംഗ്) | ഡോ.ജോയി ജോൺ | 223626 | 222520 | 91630 | 130890 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഫയലുകളിൽ വിവരാവകാശത്തിന്റെ ആവശ്യവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചവേളയിൽ മേൽപ്പറഞ്ഞ ബില്ലുകളും വൗച്ചറുകളും മാറിപ്പോയിട്ടുണ്ടാകാമെന്നും ആയത് കണ്ടെത്തി ഹാജരാക്കാമെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്.

രേഖകൾ ഹാജരാക്കുന്നതിലേക്കായി ചെലവ് തുക 666848/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ആവശ്യമായതിലും അധികം കമ്പി ഉപയോഗിച്ചു-നഷ്ടം 23275/ രൂപ.

പ്രോജക്ട് നം. - 41/2018

പ്രോജക്ടിന്റെ പേര് - ആയുർവേദഹോസ്പിറ്റൽ വയോജനങ്ങൾക്ക് പ്രത്യേക ബ്ളോക്ക്

ബിൽ നം. - 23/17-18 തിയതി 31.8.2017

ബിൽ തുക - 728381/

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ.

ഈ പ്രോജക്ടിലെ 8 -ാമത്തെ ഇനമായ rccworkനാവശ്യമായ കമ്പിയുടെ അളവ് 2438kg എന്ന് revised estimate, comparative statement എന്നിവയിലെ അളവിൽ നിന്നും വ്യക്തമാണ്. എന്നാൽ M.Book no: 352/16-17 ലെ പേജ് no. 42ൽ ഈ ഇനത്തിൽ 2729.29 kg കമ്പിയ്ക്ക് 218081 രൂപ (2729.29*79.9040)അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ വ്യത്യാസം വരാനുണ്ടായ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറി നം. 11/12.12.2018 ന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ കാരണമില്ലാതെ തന്നെ ആവശ്യമായതിലധികം (291.29kg) കമ്പി Rcc വർക്കിന് ഉപയോഗിച്ചിട്ടുണ്ട് .ഇത്തരത്തിൽ കമ്പിയുടെ അളവിൽ വ്യത്യാസം വന്നതുമൂലം 23275/- രൂപ അധികം നൽകേണ്ടിവന്നു. അധികം വന്ന തുകയായ 23275/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-10 വൃദ്ധർക്ക് കട്ടിൽ (എസ്.സി) അനുബന്ധരേഖയില്ലാതെ ആനുകൂല്യം അനുവദിച്ചു. 54600/- രൂപ തടസ്സം ചെയ്യുന്നു.

സാമ്പത്തികമായി പിന്നാക്കമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശാരീരിക അവശതകൾ അനുഭവിക്കുന്ന വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് വേണ്ടിയാണ് ' വൃദ്ധർക്ക് കട്ടിൽ (എസ്.സി) എന്ന പദ്ധതി ' [പ്രോജക്ട് നം. 227/17-18 ] ലക്ഷ്യമിട്ടിരുന്നത് പരമാവധി 5000/- രൂപയാണ് പദ്ധതി പ്രകാരം ഒരു കട്ടിൽ വാങ്ങുന്നതിന് അനുവദിക്കാവുന്ന തുക. അപ്രകാരം 13 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിന് തുക നൽകിയിട്ടുമുണ്ട്. [ 4200x13= 54600 ] ബിൽ നം.15/17-18 തീയതി : 24.03.2018. ആനുകൂല്യം ലഭിച്ച 13 ഗുണഭോക്താക്കളും കട്ടിൽ കൈമാറ്റം ചെയ്യില്ലായെന്ന് 200/- രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം എസ്.സി/എസ്.റ്റി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (7/18 തീയതി: 13.12.2018) ന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-11 ജാഗ്രതാ സമിതി : വാർഡ് തല പ്രവർത്തനം ഇല്ല

ഗ്രാമപഞ്ചായത്തിൽ ജാഗ്രതാ സമിതി പ്രവർത്തനം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം ജാഗ്രതാ സമിതി യോഗം ചേർന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | യോഗങ്ങളുടെ എണ്ണം | യോഗ തീയതി | പരാതികളുടെ എണ്ണം | യോഗത്തിൽ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | - | - | 04.05.2017 | 09 | 06 |
| 2 | - | - | 22.06.2017 | 05 | 07 |

| | | | | | |
|---|---|---|---|---|---|
| 3 | - | - | 20.07.2017 | 03 | 05 |
| 4 | - | - | 24.08.2017 | 03 | 03 |
| 5 | - | - | 22.03.2018 | 03 | 09 |

ജാഗ്രതാ സമിതിയുടെ വാർഡ് തല യോഗത്തിന്റെ മിനിട്സുകൾ അംഗനവാടികളിലാണ് സൂക്ഷിക്കുന്നതെന്ന് 17.12.2018-ലെ 44/18-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജാഗ്രതാമസമിതിയുടെ വാർഡ്തല പ്രവർത്തനങ്ങൾ നിഷ്ക്രിയമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് യോഗങ്ങൾ കൂടിയിട്ടുണ്ടെങ്കിലും വാർഡ്തലത്തിൽ കൂടിയ വിവരങ്ങൾ ലഭ്യമല്ല. ജാഗ്രതാമസമിതികളുടെ പ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്ന് 35000/- രൂപ വരെ വകയിരുത്താവുന്നതാണ് [ ജി.ഒ.(എം.എസ്) 3350/2008 /തസ്വഭവ 09.09.2008 ].

## 3-12 അംഗനവാടികൾ - അപര്യാപ്തമായ ഭൗതിക സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ ഭൗതിക സൗകര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അംഗനവാടികൾ 21

| ക്രമ നം. | ഭൗതിക സൗകര്യങ്ങളുടെ വിവരം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഉള്ളവ | 12 |
| 2 | വാടക കെട്ടിടത്തിൽ | 07 |
| 3 | വാടകയ്ക്ക് അല്ലാത്ത കെട്ടിടത്തിൽ | 02 |
| 4 | വൈദ്യുതീകരിച്ചവ | 15 |
| 5 | വൈദ്യുതീകരിക്കാത്തവ | 06 |
| 6 | ടോയ്ലെറ്റ് സൗകര്യമുള്ളവ | 21 |
| 7 | ശിശു സൗഹാർദ്ദ ടോയ്ലെറ്റ് | ഇല്ല |
| 8 | കോമ്പൗണ്ട് വാൾ ഉള്ളവ | 11 |
| 9 | കോമ്പൗണ്ട് വാൾ ഇല്ലാത്തവ | 09 |
| 10 | ഭാഗികമായി കോമ്പൗണ്ട് വാൾ | 01 |
| 11 | കുടിവെള്ള സൗകര്യം | 21 |

അംഗനവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും വൈദ്യുതീകരണത്തിനും ശിശുസൗഹാർദ്ദ ടോയ്ലെറ്റ് നിർമ്മിക്കുന്നതിനും കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും ശരിയായ കുടിവെള്ള സൗകര്യമില്ലാത്തവയ്ക്ക് കുടിവെള്ള സൗകര്യമൊരുക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി അവലോകനം

| | |
|---|---|
| 2017-18സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 243 |
| 2017-18സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2194 |
| 2017-18സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2166 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 2166 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 255 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 255 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 255 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1139 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 358 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 184 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 51.78% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 123481 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |

| | |
|---|---|
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംമ്പോണന്റ് | 323.23 ലക്ഷം |
| മെറ്റീരിയൽ കംമ്പോണന്റ് | 61.47 ലക്ഷം |
| ആകെ വരവ് | 40276996 ലക്ഷം |
| ആകെ ചെലവ് | 40119816 ലക്ഷം |

തൊഴിൽകാർഡ് ഉടമകൾക്ക് ലഭിച്ച തൊഴിൽദിനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 268 |
| 80-99 | 426 |
| 70-79 | 260 |
| 60-69 | 205 |
| 50-59 | 153 |
| 50 ൽ താഴെ | 627 |

പ്രകൃതി സംരക്ഷണത്തിന് മുൻഗണന നല്കുന്നതിന്റെ ഭാഗമായി 13 വാർഡുകളിൽ ചെടിനഴ്സറി യൂണിറ്റുകൾ ആരംഭിക്കുകയും രണ്ട് വാർഡുകളിൽ വഴിയോരത്ത് മരം നടുന്ന പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | - | 20400 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 200000 | പ്ലാസ്റ്റിക് മാലിന്യം | | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 245125 | ഭിന്നശേഷി സ്കോളർഷിപ്പ് | 245125 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 245125 | ഭിന്നശേഷി സ്കോളർഷിപ്പ്. | | 245125 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 120000 | പാലിന് സബ്സിഡി . | 1110000 | 10000. |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | പാലിന് സബ്സിഡി . | 50000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പാലിന് സബ്സിഡി (വനിത) | 123000 ന് | 27000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി (വനിത) | 100000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നല്കിയത് | വിശദാംശം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | ലൈൻ എക്സ്റ്റൻഷൻ | 2387278 | - | 2387278 |
| കെ.സ്.സി.ബി | പോസ്ററ് ഷിഫ്റ്റിംഗ് | 834148 | - | 834148 |
| ജി.ഡബ്ല്യൂ.ഡി | കുഴൽകിണർ നിർമ്മാണം | 390473 | - | 390473 |
| പി.ഡബ്ല്യൂ.ഡി | ലൈൻ എക്സ്റ്റൻഷൻ | 1030000 | - | 1030000 |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക ധനകാര്യപത്രികയും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ഖണ്ഡിക 1-12 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | |
|---|---|---|---|---|---|
| | | | | മുതൽ | പലിശ |
| ഇ.എം.എസ് ഭവന പദ്ധതി – മുതൽ തിരിച്ചടവ് | ജി.ഒ (എം. എസ്)275/10/ ത.സ്വ.ഭ.വ തീയതി | 13377000 | 4013100 | 1337700 | 2675400 |

| | 27.10.2010 | | | | | |
|---|---|---|---|---|---|---|

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65896071.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68081021.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 28333 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 969568 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 5058 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 23275 | അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 28333 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 149500 | ശ്രീ.സേവ്യർ, കൃഷിഓഫീസർ |
| 3-3 | 98620 | ശ്രീ.സതീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-8 | 666848 | ശ്രീ.സതീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 54600 | ശ്രീമതി.ഷഹനാസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 969568 | |

(ഡി) കേന്ദ്ര-സംസ്ഥാന സ ർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.സുരേഷ്, സെക്രട്ടറി | - | നിർമ്മാല്യം, ശാന്തൻമൂല, മലയിൻകീഴ് പി.ഒ |
| ശ്രീമതി.ഷഹനാസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | - | തുമ്പോട്ട് പുത്തൻവീട്, ചെല്ലാംകോട്, നെടുമങ്ങാട് |
| ശ്രീ.സതീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | - | ചാമക്കരപുത്തൻവീട്, കല്ലാർ പി.ഒ, വിതുര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.6(ഡി)/737/98 തീയതി, 14.02.2000 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.6(ഡി)/440/2001 തീയതി, 09.08.2002 | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.6(ഡി)/5/2001 തീയതി, 16.03.2003 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.6(ഡി)/1087/2005 തീയതി, 25.06.2014 | 2 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 3 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 7 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 5 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 9 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/937/18 തീയതി,13.06.2018 | 8 |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.5/179/2004തീയതി, 21.03.2014 | - |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.5/179/2004തീയതി, 21.03.2014 | 11 |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.5/179/2004തീയതി, 21.03.2014 | 5 |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.5/179/2004തീയതി, 21.03.2014 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/2139/16 തീയതി,15.12.2016 | - |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1769/2017 തീയതി,19.08.2017 | 16 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എറിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്